**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6525** **11-11-2021 - ൽ മറുപടിയ്ക്ക്**

**അഗ്രോ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധന എന്നിവയിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്ഥാപിച്ച അഗ്രോപാർക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. അഗ്രോ പാർക്കിന്റെ പേര് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) തുക (കോടി രൂപ) 1 ബനാന ഹണി പാർക്ക്, കണ്ണാറ, തൃശ്ശൂർ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ 25.13 2 നാളികേര പാർക്ക്, വേങ്ങേരി കോഴിക്കോട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ 20.00 3 നാളികേര പാർക്ക് കൂത്താളി , കോഴിക്കോട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ 20.00 4 മാംഗോ പാർക്ക്, മുതലമട, പാലക്കാട് INKEL (Infrastructure Kerala Limited) 20.00 5 വെജിറ്റബിൾ പാർക്ക്, വണ്ടിപ്പെരിയാർ, ഇടുക്കി VFPCK 15.00 ആകെ 100.13 തൃശ്ശൂരിലെ കണ്ണാറയിൽ ബനാന ഹണി പാർക്ക് , സ്ഥാപിക്കുന്നതിനായി 25.13 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ആദ്യ ഗഡുവായി 14.28 കോടി രൂപ KAICO -യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കെട്ടിട നിർമ്മാ ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ മെഷിനറി വാങ്ങുന്നതിനായി 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേര അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള DPR, KAICO തയാറാക്കി അംഗീകാരത്തിനായി KIIFB ക്ക് നൽകിയിട്ടുണ്ട്. മുതലമടയിൽ മാംഗോ പാർക്ക് സ്ഥാപിക്കുന്നതിനായി പദ്ധതി INKEL-ന് കൈമാറിയിട്ടുണ്ട്. ഇടുക്കിയിലെ വെജിറ്റബിൾ |

| | | | |
|---|---|---|---|
| | | | അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനും DPR നൽകുന്നതിനുമുള്ള നടപടികൾ VFPCK സ്വീകരിച്ചു വരുന്നു. കൂടാതെ അഗ്രോപാർക്കുകളുടെ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് വിദഗ്ധോപദേശം നൽകുന്നതിനായി ഒരു Expert Committee - യും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എറണാകുളം ജില്ലയിൽ പുതിയ അഗ്രോ പാർക്കുകൾ ആരംഭിക്കാൻ പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ